# കെ. റ്റി. ജെ. എം. എച്ച്. എസ്. ഇടമറ്റം

ലിറ്റിൽ കൈറ്റ്സ് -LK/2018/31079

# മഴവില്ല്



കെ റ്റി ജെ എം  എച്ച് എസ് ഇടമറ്റം

## ഉള്ളടക്കം

അടർന്ന് പോയ കിരണം....4
ചെന്നായും മുയലും ശത്രുക്കളായ കഥ....5
ജീവിതം....6
പൂച്ചയ്ക്ക് മണികെട്ടി....7
ഒരു കൈ സഹായം....8
അച്ചടക്കം....9
പുഴ....10
തേൻവരികൾ....11
പരിസ്ഥിതി സംരക്ഷണം ഇന്നത്തെ ആവശ്യമോ....12
വാർദ്ധക്യം....13



# അടർന്ന് പോയ കിരണം

മാളവിക അനിൽകുമാർ

**പണ്ടൊരാമുറ്റത്ത് ഓടികളിച്ചൊരാകൊച്ചു**
**വെയിൽനാളം എങ്ങോ മാഞ്ഞു..?**
**ഒരുകൊച്ചു കൽപ്പക വൃക്ഷത്തിൽ ചോട്ടിലാ-**
**യിന്നുറങ്ങുന്നൊരൊറ്റ ഉണ്ണീ..**
**നിൻ സൂര്യപ്രഭയിന്നു മാഞ്ഞുപോയി..[2]**
**ളുക്കു വിളക്കുകൾ ക്ലാവ് പിടിച്ചൊരാ , മന്ദാര-**
**ക്കാവുതൻ ഉമ്മറതിണ്ണയിൽ**
**പണ്ടെത്ര ചെമ്പകപൂക്കൾ ഇറുക്കി നാം**
**മാലകോർത്തു**
**അപ്പുറം വീട്ടിലെ മാവ്തൻ**
**കൈകളൊടിച്ചു പറിച്ചു കളിച്ചൊരാക്കാലം ....**
**ഇനിയും വരുകില്ല എന്ന സത്യം**
**ഞാൻ ഇന്ന് അറിയാതെ പോയല്ലോ എന്റെ**
**കണ്ണാ.......[2]**
**എന്റെ കൊച്ചു മണിനാദം മാഞ്ഞുപോയി .**
**എന്റെ കൊച്ചു സൂര്യന്റ കിരണങ്ങൾ**
**അറ്റുപോയി...!**
**പണ്ടൊരാ മുറ്റത്ത് ഒടികളിച്ചൊരാ**
**കൊച്ചുവെയിൽനാളംഎങ്ങോ മാഞ്ഞൂ .**

# ചെന്നായും മുയലും ശത്രുക്കളായ കഥ

അലീന മരിയ സ്കറിയ



ഒരു നിലാവുള്ള രാത്രിയിൽ ടിങ്കൻ എന്ന മുയൽ പുഴയരികിലൂടെ നടക്കുകയായിരുന്നു.

അപ്പോൾ പുഴയിൽ നക്ഷത്ര രശ്മികൾ പുഴയിൽ തെളിഞ്ഞുനിന്നു. അന്നൊക്കെ

മുയലുകളും ചെന്നയകളും ചങ്ങാതിമാരായിരുന്നു. പെട്ടന്ന് ടിങ്കൻ അതു കണ്ടപ്പോൾ

രത്നങ്ങളാണെന്ന് കരുതി ഉടനേ ചെമ്പൻ എന്ന ചെന്നായയെ വിളിച്ചു. ചെമ്പൻ

വന്നപ്പോൾ പുഴയിൽ നിറയെ രത്നങ്ങൾ.ചെമ്പൻ പറഞ്ഞു "ഇന്ന് ഇത് ഇവിടെ കിടക്കട്ടെ

നമുക്ക് നാളെ നേരം വെളുത്തിട്ട് എല്ലാ രത്നങ്ങളും കോരിയെടുക്കാം". അത് നിലാവത്ത് പതിയുന്ന രശ്മികളാണെന്ന് ചെന്നായ്ക്കും

മനസ്സിലായില്ല. പിറ്റേന്ന് നേരം വെളുത്തപ്പോൾ മുയൽ എഴുന്നേറ്റ്

പുഴയിൽ നോക്കിയപ്പോൾ രത്നങ്ങൾ കണ്ടില്ല. ഉടനെ മുയൽ

ചെന്നായയെ വിളിച്ചെഴുന്നേൽപ്പിച്ചു എന്നിട്ട് പറഞ്ഞു"കള്ളച്ചെന്നായേ ഞാൻ ഉറങ്ങിയ തക്കം നോക്കി നീ ഇത് മുഴുവൻ വാരിയെടുത്തല്ലെ

ചെന്നായയു വിട്ടില്ല. "എടാ ചതിയാ നീയല്ലേ ഇത് മുവൻ

വാരിയെടുത്തത് ". അങ്ങനെ പറഞ്ഞശേഷം ചെന്നയ മയലിനെ

തിന്നാൻ ഒരുങ്ങി. മുയൽ ഓടിക്കളഞ്ഞു അന്നുമുതലാണത്രേ

ചെന്നായയും മുയലും ശത്രുക്കളായത്.



# ജീവിതം

നിഖില ലക്ഷ്മി

ജീവിതമാകുന്ന യാത്രയിൽ കളിച്ചു
വളർന്നു പോയ എൻ ബാല്യകാലം
കളിച്ചു ചിരിച്ചു വളർന്നു പോയ എൻ
നല്ലൊരു കുസൃതികാലം.
സ്നേഹത്തിൽ ചാലിച്ച വാത്സല്യം നിറഞ്ഞ
എൻ സ്നേഹകാലം.
പഠനത്തിൽ ലയച്ചു വളർന്നപ്പോൾ
സ്നേഹത്തിൽ പിൻതുണ തന്നയൊരു എൻ സൗഹൃദകാലം.
കുടുംബത്തോടെ ജീവിക്കാൻ തുടങ്ങിയ എൻ
സുന്ദര ജീവിതകാലം.
എൻ പൈതങ്ങളെ വളർത്തി സ്നേഹിച്ച
എൻ സ്നേഹകാലം.
അവസാനം കട്ടിലിൻ മൂലയിൽ തീർക്കേണ്ടിവന്ന
എൻ വാർദ്ധക്ക്യകാലം.
മരണത്തെ കാത്തിരിക്കുന്ന എന്റെ മരിക്കാത്ത
ഓർമ്മകൾ നിറഞ്ഞ ജീവിതകാലം.

# പൂച്ചയ്ക്ക്  മണികെട്ടി



അലീന മരിയ സ്കറിയ

ഒരിടത്ത് ഒരു വീട്ടിൽ ധാരാളം എലികൾ ഉണ്ടയിരുന്നു. ശല്യം സഹിക്കാതായപ്പോൾ ഉടമസ്ഥൻ ഒരു പൂച്ചയേ വാങ്ങിച്ചു വീട്ടിൽ വളർത്തി. അങ്ങനെ പൂച്ച എലികളെ പിടിച്ച്കൊന്നുകൊണ്ടിരുന്നു ശല്യം സഹിക്കാതായപ്പോൾ എലികൾ എല്ലാം ഒരു യോഗംകൂടി അതിൽ മുതുർന്ന എലി പറഞ്ഞു പൂച്ചയുടെ ശല്യം കുറക്കാനുള്ള മാർഗങ്ങൾ പറയൂക അതിൽ ഒര്രു ചെറൂപ്പക്കാൻ എലി പറഞ്ഞു. പൂച്ചയുടെ കഴുത്തിൽ ഒരു മണികെട്ടാം അപ്പോൾ പൂച്ച അടുത്തുവര്രുമ്പോൾ നമുക്ക് ഓടി രക്ഷപെടാമല്ലോ. എല്ലവരും ആ എലിയുടെ അഭിപ്രായത്തിൽ ശരി വച്ചു.അപ്പോൾ മുതിർന്ന എലി പറഞ്ഞു ആരാണ് പൂച്ചയുടെ കഴുത്തിൽ മണികെട്ടുക അപ്പോൾ എല്ലാവരും ഒന്നു നോക്കി. അപ്പോൾ  അഭിപ്രയം പറഞ്ഞ എലി തന്നെ എഴുന്നെറ്റുനിന്നു ധീരനായ  എലിയെ മുതിർന്ന എലി പ്രശംസിച്ചു ഒരു ദിവസം പൂച്ച ഉറങ്ങികിടന്ന നേരം നോക്കി എലി മണികെട്ടി.ധീരനായ എലിയെ എല്ലാകൂട്ടുകാരും അഭിനന്ദിച്ചു.

# ഒരു കൈ സഹായം



ആതിര ഷാജി

ഒരിടത്തൊരു പൂമ്പാറ്റ ഉണ്ടായിരുന്നു.അവൾ വളരെ കുസൃതിയായിരുന്നു.അവളുടെ പേരാണ് മിന്നു. അവൾ എല്ലായിടത്തും പാറി നടക്കും.അവൾ കുസൃതി കാണിക്കുമായിരുന്നെങ്കിലും എല്ലാവരെയും സഹായിക്കും.ഒരിക്കൽ അവൾ കാട്ടിലൂടെ പറന്നു വരികയായിരുന്നു.അപ്പോഴാണ് അവൾ വലിയ ഒരു ചിലന്തിവലയിൽ പെട്ടത്.ആ പൂമ്പാറ്റ അവിടെ കിടന്ന് സഹായിക്കണേ എന്ന് നിലവിളിച്ചു.അപ്പോൾ ആണ് മിന്നു പൂമ്പറ്റ ഒരിക്കൽസഹായിച്ച കുഞ്ഞികിളി അതിലെ വന്നത്.കുഞ്ഞികിളി മിന്നു പൂമ്പാറ്റയോട് ചോദിച്ചു. എന്തുപ്പറ്റി. മിന്നു പറഞ്ഞു ,ഞാൻ ഈ വഴി വന്നപ്പോൾ ഇതിൽ കുടുങ്ങി.എന്നെ സഹായിക്കണം.മിന്നു കിളിയോട് പറഞ്ഞു ഞാൻ നിന്നെ ഉറപ്പായും സഹായിക്കും.കുഞ്ഞിക്കിളി അവളെ ആ വലയിൽ നിന്ന് രക്ഷിച്ചു.അവൾകുഞ്ഞിക്കിളിയോട് നന്ദി പറഞ്ഞു.പൂമ്പറ്റയും കുഞ്ഞിക്കിളിയും നല്ല കൂട്ടുകാരായി.

കെ റ്റി ജെ എം എച്ച് എസ് ഇടമറ്റം



# _അച്ചടക്കം

എഡ്വിൻ ജോയി

**നമ്മുടെ ഇന്നത്തെ പ്രസംഗ വിഷയം അച്ചടക്കം എന്നതാണല്ലോ. ഈ വിഷയത്തെപ്പറ്റി ഏതാനും വാക്കുകൾ പറഞ്ഞു കൊള്ളട്ടെ. കുട്ടികളായ നമ്മൾ ഓരോരുത്തരും സ്കൂളിലുംമറ്റു സ്ഥലങ്ങളിലും അച്ചടക്കം ഉള്ളവരായിരിക്കണം. മുതിർന്നവരേയും, അധ്യപകരേയും, വളരെ അച്ചടക്കത്തോടെ അനുസരിക്കണം. അച്ചടക്കം കുട്ടികളെ നന്മയുടെ വഴിയിലൂടെ നയിക്കുന്നു . ഒരു വിദ്യാർത്ഥിക്കു വേണ്ട ഒന്നാമത്തെ കാര്യമാണ് അച്ചടക്കം. ചൊട്ടയിലെ ശീലം ചുടലവരെ എന്നാതാണല്ലോ പഴമൊഴി. അച്ചടക്കം ഉള്ളവരായി വളർന്ന് ഭാവിയിലെ വാഗ്ദാനങ്ങളായി നമ്മൾ മാറണം. ജീവിതത്തിൽ നമ്മൾ പാലിക്കേണ്ട ആദ്യ ശീലമാണ് അച്ചടക്കം. അതിനാൽ നമുക്ക് എല്ലാവർക്കും അച്ചടക്കം ഉള്ളവാരായി വളർന്നു വരാം എന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു. നന്ദി. നമസ്കാരം.**



# പുഴ

ശ്രീലക്ഷ്മി

**പലതുള്ളി ചേർന്ന് പെരുവെള്ളമായി**
**അത് പുഴയായി നിറഞ്ഞൊഴുകി**
**സ്വച്ഛമായി ശാന്തമായി ഒഴുകുന്നു**
**പുഴയോ! ഉള്ളിൽ ഒളിപ്പിച്ച ആഴത്തിൽ**
**തിരയോ!**
**മേഘമായി സാഗരം ഒഴുകുന്നു മീതേ**
**ജലമേന്തി കിതച്ച മേഘം**
**മലയിൽ തടഞ്ഞു കമിഴ്ന്ന് വീണു.**
**പലതുള്ളി ചേർന്ന് പെരുവെള്ളമായി**
**അത് പുഴയായി നിറഞ്ഞൊഴുകി.**

# തേൻവരികൾ



സീജ വിജയ്

**മകരത്തിലെ തണുപ്പിൽ വിരിയും**
**തേന്തൂറുന്ന തേൻവരിക്കകൾ**
**ഫലങ്ങളിൽ ഏറെപ്രിയമായ**
**ഏവരുടെയും മധുരിക്കും ഓർമ-**
**കളായ തേൻവരികൾ**
**ഇതാ ആസന്തോഷ കാലങ്ങൾ**
**നമ്മേ തേടിയെത്തുന്നു.**



# പരിസ്ഥിതി സംരക്ഷണം ഇന്നത്തെ ആവശ്യമോ

ജോൺ റോയി

ഇന്നു നാം ജീവിക്കുന്നത് പുതുതലമുറയിലാണ്. പഴയതിനൊന്നും യാതൊരു വിലയുമില്ല. ഇന്ന് എല്ലാവരും പുതിയ ടെക്നോളജിയുടെ പുറകെ പോവുകയും ചെയ്യുന്നു. പക്ഷെ അപ്പോൾ പഴയ ഉപകരണങ്ങൾ പ്രകൃതിയിലേക്ക് തള്ളുകയാണോ എന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു

ഇതെല്ലാം നാം ചെയ്യുമ്പോൾ ഓർക്കുക ഇങ്ങനെ പ്രകൃതിയോട് നാം ചെയ്യുന്ന ക്രൂരതയുടെ ഭലമായി നമുക്കും എന്തെങ്കിലും പ്രകൃതി തിരിച്ച് തരുമോന്ന് ചിന്തിക്കണം.

നാം പ്രകൃതിയെ വേറെ പലരീതിയിലും ചൂഷണം ചെയ്യാറുണ്ട് അതിൽ പ്രധാനപ്പെട്ടതാണ് പ്ലാസ്റ്റിക്കിന്റെ അമിത ഉപയോഗം.ഇന്ന് അത് വളരെ വലിയ പ്രശ്നമാണ്.ഇന്ന് നമ്മൾ വളരെ വലിയ ഒരു പ്രശ്നത്തിൽ പെട്ടിരിക്കുകയാണ്.ആ വലിയ ഒരു പ്രശ്നമാണ് പ്ലാസ്റ്റിക്ക്.

നമുക്ക് ഇനിയെങ്കിലും പ്രകൃതിയെ ചൂഷണം ചെയ്യുന്നതിനു പകരം സംരക്ഷിക്കാം.അപ്പോൾ ദുഃഖിക്കേണ്ട ആവശ്യം വരില്ല എന്നും നാം ഓർക്കണം.ഇനിയും നാം വൈകിട്ടില്ല.നമുക്ക് ഇനിയെങ്കിലും പ്രകൃതിയെ സംരക്ഷിക്കാനായി കൈകോർക്കാം

# വാർദ്ധക്യം



സോന ജോസ്

വിരഹമേ നീ ഇന്നു കൂട്ടിനെത്തി
തൻ സ്വാന്തന പ്രകാശം ചൊരിഞ്ഞുവോ
തൻ കൈപിടിച്ചു പിച്ചവെച്ചൊരാ
തൻ മക്കളിൽഅർപ്പിച്ചൊരു വത്സല്യം

ആർക്കുമാർക്കും വേണ്ടാതായി ഈ
കൂപ്പയിൽ കിടക്കുന്നു
എൻ ദൈവമേ ഈ വേദന
തന്നതെന്തിന് വേണ്ടി. ഈ വാദ്ധക്യത്തിൽ

വാർഷങ്ങൾത്തൻ അദ്ധ്വാനം പാഴായി
വെറും മണ്ണിൽ അലിഞ്ഞു ചേരവേ
ഒരിറ്റുവെള്ളം ലഭിച്ചുമരിക്കുവാൻ
തുണയാകുമോ എന്നറിയാതെ കൊതിക്കുന്നു

# നന്ദിപൂർവ്വം



## ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

കെ റ്റി ജെ എം  എച്ച് എസ് ഇടമറ്റം